"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീ. ഷാരുൺ കെ.എസ്, നൈറ്റ് വാച്ച്മാൻ, ഇലന്തൂർ ഗവ. നഴ്സിംഗ് സ്കൂൾ, പത്തനംതിട്ട - പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.222/2026/H&FWD തീയതി, തിരുവനന്തപുരം, 17-01-2026

---

പരാമർശം:-

1. ശ്രീ.ഷാരുൺ കെ.എസ് സമർപ്പിച്ച 27.05.2025 തീയതിയിലെ അവധി അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.07.2025 തീയതിയിലെ ഇ.എഫ്.1-19304/2023/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ഇലന്തൂർ ഗവ. നഴ്സിംഗ് സ്കൂളിലെ നൈറ്റ് വാച്ച്മാൻ, ശ്രീ.ഷാരുൺ കെ.എസ്-ന് രണ്ടു വർഷത്തെ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന് ചേർന്ന് പഠിക്കുന്നതിനായി 01.03.2024 മുതൽ 01.03.2026 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്ന പരാമർശം (1) അപേക്ഷ പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന് ചേർന്ന് പഠിക്കുന്നതിനായി അപേക്ഷകനെ 29.02.2024-ന് അപരാഹ്നത്തിൽ ഇലന്തൂർ ഗവ. നഴ്സിംഗ് സ്കൂളിൽ നിന്നും വിടുതൽ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ഇലന്തൂർ ഗവ. നഴ്സിംഗ് സ്കൂളിലെ നൈറ്റ് വാച്ച്മാൻ, ശ്രീ.ഷാരുൺ കെ.എസ് -ന് 2024-2026 വർഷത്തെ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പഠിക്കുന്നതിന് 01.03.2024 മുതൽ 01.03.2026 വരെ കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII-B-യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജി സി എൻ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, പത്തനംതിട്ട.
പ്രിൻസിപ്പൽ ഇൻ ചാർജ്ജ്, ഗവ. നഴ്സിംഗ് സ്കൂൾ, ഇലന്തൂർ, പത്തനംതിട്ട.
ശ്രീ.ഷാരുൺ കെ.എസ്, നൈറ്റ് വാച്ച്മാൻ, ഗവ. നഴ്സിംഗ് സ്കൂൾ, ഇലന്തൂർ, പത്തനംതിട്ട (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (31.12.2025 തീയതിയിലെ 3362737/HLT-B3/980/2025-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ശേഖരം/ ഓഫീസ് കോപ്പി (F2/374/2024-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 17-01-2026 12:42:55

സെക്ഷൻ ഓഫീസർ